"ഭരണ ഭാഷ-മാതൃഭാഷ"

നം.ICDS A1/7557/21 ( 1 )

വനിതശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ: 0471-2346508
ഇ.മെയിൽ: directorate.wcd@kerala.gov.in
തീയതി : 13/01/2022

# പരിപത്രം

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- അങ്കണവാടി സർവ്വീസസ്സ് (ജനറൽ)- 2021-22 സാമ്പത്തിക വർഷത്തെ പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിന് - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ 13/01/2022 തീയതിയിലെ ICDS/A1-7557/21 നമ്പർ ഉത്തരവ്.

2021-22 സാമ്പത്തിക വർഷം സംസ്ഥാനത്ത് വനിതാശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്ക് 150/- രൂപ വിലയുള്ള പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിന് 7,89,04,350/- രൂപ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സൂചന പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകളുടെ വാങ്ങൽ നടപടി സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. അങ്കണവാടി/മിനി അങ്കണവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ( 3 years to 6 years ) 30/11/2021 ലെ എം.പി.ആർ ലെ കുട്ടികൾക്കാണ് പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വാങ്ങി നൽകേണ്ടത്.

2. ഒരു പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റിന്റെ വില 150/-രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല.

3. പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റിൽ ചുവടെ ചേർക്കുന്ന ഇനങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

   ചാർട്ട്, ക്രയോൺസ്, കളർ പെൻസിൽ, സോഫ്റ്റ് ബോൾ, പ്രവർത്തന കാർഡുകൾ ( കുട്ടികൾക്ക് വഴി കണ്ടെത്തൽ, കുത്തുകൾ യോജിപ്പിക്കൽ തുടങ്ങിയവയ്ക്ക് സഹായകമാകുന്നത് ), ചിത്ര കാർഡുകൾ (കുട്ടികൾക്ക് ഭാഷ

സ്വായത്തമാക്കുന്നതിന് ), കഥാകാർഡുകൾ, കഥാ ചാർട്ടുകൾ (കുട്ടികൾക്ക് ചിത്രങ്ങൾ കാണിച്ച് വായിച്ച് കേൾപ്പിക്കാൻ കഴിയുന്ന തരത്തിലുള്ളവ), മനോഹരമായ വർണ്ണചിത്രങ്ങൾ ഉൾപ്പെടുത്തി വലുപ്പത്തിലുള്ള അക്ഷരങ്ങളിൽ എഴുതിയ ചെറിയ വാക്യങ്ങൾ ഉള്ള കഥാ കാർഡുകൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ മാസ്കുകൾ, കട്ടൗട്ടുകൾ (റോൾ പ്ലേ, അഭിനയം തുടങ്ങിവയ്ക്ക് കുട്ടികളെ സഹായിക്കുന്നത് ), Colouring Books തുടങ്ങിയവ.

4. സെക്ടർ/പഞ്ചായത്ത് തലത്തിൽ സ്റ്റോർ പർച്ചേസ് നടപടികൾ പാലിച്ചു കൊണ്ട് സൂപ്പർവൈസർമാർ മുഖാന്തിരം വാങ്ങുന്നതിനുള്ള നടപടികൾ ശിശുവികസന പദ്ധതി ഓഫീസർ സ്വീകരിക്കേണ്ടതാണ്.

5. ശിശുവികസന പദ്ധതി ഓഫീസർമാർ സെക്ടർ/ പഞ്ചായത്ത് തലത്തിലെ ഗുണഭോക്താക്കളായ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പഞ്ചായത്ത്/സെക്ടർതല ചെലവ് ക്രമീകരിക്കേണ്ടതാണ്.

6. സൂപ്പർവൈസർമാർ സെക്ടർ /പഞ്ചായത്ത് തലത്തിൽ സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് അങ്കണവാടികളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി, ഒരു കുട്ടിയ്ക്ക് 150/-രൂപ വിലയിൽ നിജപ്പെടുത്തി പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വാങ്ങി കുട്ടികളുടെ ഭവനങ്ങളിൽ അങ്കണവാടി വർക്കർ/ഹെൽപ്പർ മുഖേന വിതരണം ചെയ്യേണ്ടതാണ്.

7. കിറ്റുകൾ വിതരണം ചെയ്യുന്ന സമയത്ത് ഗുണഭോക്താക്കളായ കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും കുട്ടിയുടെ പേര്, മേൽവിലാസം സഹിതമുള്ള കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്.

8. സെക്ടർ/പഞ്ചായത്ത് തലത്തിൽ പർച്ചേസ് നടപടികൾ പൂർത്തിയായ ശേഷം ക്രോഡീകരിച്ച കൈപ്പറ്റ് രസീതും, ബില്ലും, തുക മാറി നൽകുന്നതിലേക്ക് ശിശുവികസന പദ്ധതി ഓഫീസർക്ക് സൂപ്പർവൈസർ സമർപ്പിക്കേണ്ടതാണ്.

9. സെക്ടർ/പഞ്ചായത്ത് തലത്തിലെ വാങ്ങൽ നടപടികൾ സി.ഡി.പി.ഒ വിലയിരുത്തേണ്ടതാണ്.

10. ശിശുവികസന പദ്ധതി ഓഫീസർ/സൂപ്പർവൈസർ, രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളായ മുഴുവൻ കുട്ടികൾക്കും പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

11. 2022 ഫെബ്രുവരി 5 ന് മുൻപായി വിതരണം പൂർത്തീകരിക്കുന്നതിന് സി.ഡി.പി.ഒ/സൂപ്പർവൈസർ നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ ജില്ലയിലേയും വിവിധ പ്രോജക്ടുകളിലെ തുകയുടെ വിനിയോഗം പ്രോഗ്രാം ഓഫീസർമാർ ഫെബ്രുവരി 15 ന് മുൻപായി ബഹു.ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

12. അനുവദിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പ്രോഗ്രാം ഓഫീസർമാർ അവലോകന യോഗം വിളിച്ച് ചേർത്ത് പുരോഗതി വിലയിരുത്തേണ്ടതും പ്രോജക്ട് തലത്തിലെ സംശയങ്ങൾ പ്രോഗ്രാം ഓഫീസ് മുഖേന തീർപ്പാക്കേണ്ടതുമാണ്.

Sunde

വനിതാശിശുവികസനഡയറക്ടർക്കുവേണ്ടി

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ/സ്പെയർ